HON'BLE MR. K. M. KORAH : It is likely to lead to such consequences.

MR. N. V. CHACKO: Will Government be pleased to adopt a smoother, easier and better means of procuring paddy?

HON'BLE MR. K. M. KORAH : Government are considering a scheme which would enable the cultivator to be free from the so-called oppressions.

MR. N. V. CHACKO: Are the Government aware of the oppressions, so called?

HON'BLE MR. K. M. KORAH : There is no complaint from any particular individual on this matter.

MR. N. V. CHACKO: Are the Government aware that the cultivators are not so poor that they can complain in such a way that the Honourable member cannot hear it?

HON'BLE MR. K. M. KORAH: That is a matter of opinion.

MR. N. V. CHACKO: Are Government of opinion that all the cultivators are such false people that they cannot be relied upon?

HON'BLE MR. K. M. KORAH : I never meant that. If there is any actual complaint and if that petition is forwarded to Government, I may assure the honourable member that very stringent measures shall be taken in that matter.

MR. N. V. CHACKO: Is the Honourable member aware that Travancore consists mostly of cultivators and that any remark against cultivators means an insinuation against the whole State?

(There was no answer).

MR. P. T. CHACKO: നെല്ല് വളരെ കൂടുതലുള്ള കൃഷിക്കാരിൽ നിന്നും പാർവ്വത്യകാരന്മാർ പണംപറഞ്ഞിക്കൊണ്ട് നെല്ലെടുക്കാതിരിക്കുന്ന വിവരം അറിയാമൊ?

HON'BLE MR. K. M. KORAH : അറിയാൻ പാടില്ല.

MR. P. T. CHACKO : ഗവണ്മെൻറിന് ഇതു സംബന്ധിച്ച് പരാതികളൊന്നും കിട്ടിയിട്ടില്ലെന്നാണോ പറയുന്നത് ?

HON'BLE MR. K. M. KORAH : I claim notice.

സിറ്റി കാർപ്പറേഷൻ കൌൺസിൽ.

86. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമൊ?

തിരുവനന്തപുരം സിറ്റി കാർപ്പറേഷൻ കൌൺസിലിൽ, നോമിനേഷൻ ലഭിക്കാൻ പലയരിൽനിന്നും അപേക്ഷകന്മാർ ഉണ്ടായിരുന്നൊ എന്നും, ഉണ്ടായിരുന്നവെങ്കിൽ, അവരാരെല്ലാമായിരുന്നവെന്നും, പറയാൻ മേലുണ്ടാകുമൊ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. G. RAMACHANDRAN : ചോദ്യത്തിന്റെ ആദ്യഭാഗത്തിന് "ഇല്ല" എന്നാണ് മറുപടി. അതുകൊണ്ട് രണ്ടാമത്തെ ഭാഗത്തിനും മറുപടി "ഇല്ല" എന്ന തന്നെ.

MR. T. T. KESAVAN SASTRI : ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ നയം എന്താണെന്ന് പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഈ ചോദ്യത്തിന് നോട്ടീസ് വേണം.

പുലയവിദ്യാർത്ഥികൾ.

87. MR. T. T. KESVAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഇക്കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷയിൽ സ്റ്റേറ്റിൽ നിന്നും ചേർന്നിട്ടുള്ള പുലയവിദ്യാർത്ഥികൾ എത്രയെന്നും അവരിൽ വിജയികളായിട്ടുള്ളവരുടെ എണ്ണം എത്രയെന്നും, പറയാൻ ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : ഫൈനൽ സ്കൂൾഫൈനൽ പരീക്ഷയ്ക്ക് ചേർന്ന പുലയവിദ്യാർത്ഥികളുടെ എണ്ണം ൪൯ ആണ്. അതിൽ വിജയികളായിട്ടുള്ളവരുടെ എണ്ണം ൨൫ ആണ്.

MR. T. T. KESAVAN SASTRI : ഇതിൽ പെൺകുട്ടികളുടെ എണ്ണം എത്രയെന്ന് ദയവായി പറയുമോ ?

HON'BLE MR. G. RAMACHANDRAN : ഇപ്പോൾ നിവൃത്തിയില്ല.

MR. T. T. KESAVAN SASTRI : സ്റ്റേറ്റിൽ ആകെമൊത്തം എത്ര ആൺകുട്ടികളും പെൺകുട്ടികളും സ്കൂൾഫൈനൽ പരീക്ഷയ്ക്ക് ചേർന്നിരുന്നു എന്നു പറയാമോ?

HON'BLE MR. G. RAMACHANDRAN : ചേർന്നിരുന്നവരുടെ ആകെ തുക മാത്രമേ എന്റെ കയ്യിലുള്ളൂ. അതുകൊണ്ട് ആൺകുട്ടികളുടേയും, പെൺകുട്ടികളുടേയും എണ്ണം തിരിച്ചു പറയാൻ തൽക്കാലം സാദ്ധ്യമല്ല.

MR. P. T. CHACKO : Sir, may I put the next question. The honourable member concerned is absent.

PRESIDENT : Yes.

Village Uplift.

88. MR. P. T. CHACKO : (On behalf of MR. JOSEPH MALIECKAL) (*Thodupuzha I—General*): Will the Honourable Minister for Local Self Government and Village Uplift be pleased to place on the table a statement giving a list of the villages where the village uplift scheme has been introduced, together with the date of sanctioning each village scheme the names of the office-bearers in each village,

LIBRARY ARCHIVES Kerala Legislative Assembly